# അഭയം—കുറിപ്പുകൾ

പി. രാമൻ



അഭയം—കുറിപ്പുകൾ

പി. രാമൻ

(മലയാളം: കവിത)

© 2022, P. Raman.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.


Cover: The old church at Cagnes, a painting by Guy Rose (1867–1925). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# അഭയം—കുറിപ്പുകൾ



അഭയം തന്ന മേൽക്കൂര നോക്കി
കിടന്നു

ഒരു നിമിഷം
ഒരു മോന്തായം നിറയെ
അണ്ണാറക്കണ്ണന്മാർ
മറുനിമിഷം
ഒരു മോന്തായം നിറയെ
എലിവാലുകൾ

***

എല്ലാം ഭദ്രമാണ്

തട്ടി മറിഞ്ഞു കിടക്കുന്ന
ഒരു കുപ്പി വായുവിലോ!

***

കണ്ണുകൾ
വെയിലിലേക്കു മിഴിക്കുന്നു
ആൾത്തിരക്കിലേക്കു മിഴിക്കുന്നു
ഇടവഴികളിലേക്ക് ഇമവെട്ടുന്നു.

***

ശ്മശാനത്തിലെ മനുഷ്യച്ചൂര്
എങ്ങനെ ഇതിനകത്ത്!

വേവുന്നതിന്റേയല്ല
അഴുകുന്നതുമല്ല.

അന്ത്യപ്രാർത്ഥനകളോടെ
കൂട്ടംകൂടി നില്ക്കുന്നതിന്റെ.
ശ്മശാനത്തിലെ മനുഷ്യച്ചൂര്
എങ്ങനെയീ മുറ്റത്ത്.

ശവപ്പറമ്പിലെ ചരലിൽ
കുനിഞ്ഞിരുന്ന്
ഒരു പൂച്ചെടി
നട്ടുവളർത്തുന്നതിന്റെ

***

ഉള്ളംകൈ ചെറിഞ്ഞാൽ
എന്താ ഫലം?
കോടി കിട്ടും
കണ്ണു ചൊറിഞ്ഞാലോ?
മൂക്കു ചൊറിഞ്ഞാൽ?

എങ്കിലിപ്പോൾ
എല്ലാം ഒത്തു.
ഉള്ളങ്കയ്യുകളുടേയും മൂക്കിൻതുമ്പുകളുടേയും
കൺകോണുകളുടേയും
വമ്പൻ സമാഹാരത്തിലൂടെ
പായുന്ന കൈവേഗമായി
എന്റെ കാലം
പുളഞ്ഞു കളിക്കുകയല്ലേ!

ഉള്ളംകൈ ചെറിഞ്ഞാൽ
കോടി കിട്ടും.
അതു ഞാൻ മൂടിപ്പുതയ്ക്കും.

***

ദൂരെ നിന്നു
ചുരുളഴിഞ്ഞു വരുന്ന
മഞ്ഞലിന്റെ പരവതാനി
ഇങ്ങ് കാലടിയോളമെത്താൻ
വഴിച്ചൂണ്ടിനില്ക്കുന്നു
വൈദ്യുതിക്കാലുകൾ.

***

പുകച്ചുരുളുകൾ
മെടഞ്ഞുണ്ടായ വിശാലതയിൽ
കുരുങ്ങി നില്ക്കുന്നു

ചില മരത്തലപ്പുകൾ
ചില മോന്തായങ്ങൾ

അവയ്ക്കിടയിലൂടെ ഉരുണ്ടുകളിക്കുന്നു
ചില മരത്തലകളും
ചില മോന്തകളും

***

സ്വപ്നപ്പരപ്പിൽ
വീണ്ടും ആ പുസ്തകം

ആയിരം കൊല്ലം
മഞ്ഞച്ചിരുന്നു.

അതിൽനിന്നു പരന്ന
പൊടിയായിരുന്നു
പുസ്തകത്തേയും വായനക്കാരനേയും
ഉള്ളടക്കിയ മയക്കം.

പുസ്തകം മാത്രം.
സ്വപ്നത്തിനു വെളിയിൽ
സ്വപ്നത്തോടു ചേർന്നിരുന്ന്
ഉറക്കം തൂങ്ങിയ വായനക്കാരന്റെ തല,

തുറന്ന പുസ്തകത്തിന്റെ
ത്രുപത്തിൽ കിടന്ന
പൊടിക്കൂമ്പാരത്തിലൂടെ താഴ്ന്ന്,

ലോഹത്തണുപ്പിലോ
കളിമൺ മിനുപ്പിലോ
കരിങ്കൽപ്പരപ്പിലോ
ചെന്നിടിച്ച്,

തകർന്നു.

***

കണ്ണീരൊപ്പി
കണ്ണീരൊപ്പി

നനഞ്ഞു കുതിർന്ന
തന്റെ തുവാലകൾ

കാറ്റ്
കാറ്റിലെ
വിരിച്ചുണക്കുന്നു

ചോർന്നൊലിക്കുന്ന പ്രഭാതം.
തണുത്തു വിറച്ച്
മേൽപ്പോട്ടു നോക്കിയിരിക്കേ
കരിപിടിച്ച ഓടുകളിൽ
അക്കങ്ങളും അക്ഷരങ്ങളും
തിണർത്തു പോന്തി.
ബാസൽമിഷൻ ടൈൽ വർക്സ് 1865
1906 1963
1865 ഉം 1906 ഉം
ഉരുമ്മിയിരിക്കുന്നതുകൊണ്ടാവാം
ഇത്ര ചോർച്ച
മണ്ണു ചുട്ടെടുത്ത
മാന്ത്രികക്കള്ളികൾക്കിടയിലൂടെ
മഴവെള്ളം
പൈതൃകംപോലെ
ധാരധാരയായി
വീഴുന്നതും നോക്കി
ഇരുന്നു.

□

## പി. രാമൻ



ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലയാള കവിതയുടെ പ്രധാന പതാകവാഹകരിൽ ഒരാളാണ് പി. രാമൻ. ആദ്യ കവിതാസമാഹാരം 'കനം'. 2001-നും 2006-നും ഇടയ്ക്ക് രചിക്കപ്പെട്ട കവിതകളാണ് 'തുരുമ്പ്' എന്ന സമാഹാരത്തിൽ. ഈ സമാഹാരം സായാഹ്നയിൽ ലഭ്യമാണ്. കോമളപദാവലികളുടെ അഭാവവും ദേശത്തിന്റെ ചരിത്രത്തിലേയ്ക്കുള്ള തിരിഞ്ഞുനോട്ടവും ഈ കവിതകളെ ശ്രദ്ധേയമാക്കുന്നു. ഗവ: ജനത ഹയർ സെക്കൻഡറി സ്കൂളിൽ (നടുവട്ടം, പട്ടാമ്പി) ഭാഷാദ്ധ്യാപകൻ. കവിയായ സന്ധ്യ, എൻ. പി. ആണ് ഭാര്യ.

### കവിതാ സമാഹാരങ്ങൾ

1. കനം
2. തുരുമ്പ്
3. ഭാഷയും കുഞ്ഞും
4. പുതുമൊഴിവഴികൾ
5. യുവകവിതാക്കൂട്ടം

ചിത്രം: വി. മോഹനൻ

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.